## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *535 — 26.03.2018 -ൽ മറുപടിയ്ക്ക്

### ഭൂവിഷയങ്ങൾ പരിഹരിക്കുന്നതിന് ഉന്നതതല സമിതി രൂപീകരണം

ചോദ്യം:

ശ്രീ.ജി.എസ്.ജയലാൽ
,, ആർ. രാമചന്ദ്രൻ
,, കെ. രാജൻ
,, വി.ആർ. സുനിൽ കുമാർ

മറുപടി:

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്ത് ദീർഘകാലമായി നിലനില്ക്കുന്ന വ്യത്യസ്ത ഭൂവിഷയങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ആലോചിക്കുന്നുണ്ടോ; ഇതിനായി ജില്ലാ താലൂക്ക് തലങ്ങളിൽ ഉന്നതതല സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന ഭൂവിഷയങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. പ്രശ്നപരിഹാരത്തിനായി ജില്ലാ-താലൂക്ക് തലങ്ങളിൽ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സർട്ടിഫിക്കറ്റ് വിതരണം പുനഃക്രമീകരിച്ച് ഭൂസംരക്ഷണം, ഭൂരേഖാ പരിപാലനം തുടങ്ങിയ അടിസ്ഥാന ജോലികളിൽ കൂടുതൽ ശ്രദ്ധ നല്കുന്നതിനായി വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിന് ശ്രമിക്കുമോ;

(ബി) ഈ വിഷയം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) താലൂക്ക് ലാന്റ് ബോർഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും കേസുകൾ സമയബന്ധിതമായി തീർപ്പു കല്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ ഊർജ്ജിതമായി നടന്നു വരുന്നു. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം സമബന്ധിച്ച് എല്ലാ ജില്ലകളിലും പരിശോധന നടത്തുകയും ടി പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ/ അപാകതകൾ സംബന്ധിച്ച് ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം പങ്കെടുപ്പിച്ചു കൊണ്ട് ലാൻഡ് ബോർഡിന്റെ അദ്ധ്യക്ഷതയിൽ 14 ജില്ലകളിലും അവലോകനങ്ങൾ നടത്തിയി

ട്ടുണ്ട്. തൽഫലമായി കേസുകൾ തീർപ്പാക്കുന്നതിൽ പുരോഗതി ഉണ്ടായതിനോടൊപ്പം പരിധിയിലധികം ഭൂമി ആർജ്ജിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ പുതിയ സീലിംഗ് കേസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 94 കേസുകൾ താലൂക്ക് ലാൻഡ് ബോർഡ് മുഖേന തീർപ്പാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) വില്ലേജ് വികസന സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ;<br>(ഇ) വില്ലേജ് വികസന സമിതികളുടെ പ്രവർത്തനം സൃഷ്ടിപരമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) യും (ഇ) യും | സംസ്ഥാനത്തെ വില്ലേജുകളിൽ വില്ലേജ് വികസന സമിതികൾ രൂപീകരിച്ചിട്ടില്ല. നിയമവിരുദ്ധ ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും , പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജുതല ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ